DESPATCHED
On..06/02/2020
22.1.20.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.198(6)/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.2256/SIC-Gen5/2018**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. അഷ്റഫ് മാസ്റ്റർ,
മലപ്പുറം ജില്ലാ ലീഗൽ വാളണ്ടിയർ,
പുലത്ത് ഹൗസ്, വട്ടക്കാവിൽ,
കാരക്കാപറമ്പ്, വാണിയമ്പലം പി.ഒ.,
മലപ്പുറം – 679 339. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം,
മലപ്പുറം – 676 122. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04/01/2018, 5/1/2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16/02/2018 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 02/03/2018 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 08/03/2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 04/01/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 21/01/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 22/01/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. അഷ്റഫ് മാസ്റ്റർ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയിന്മേൽ നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ല എന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. കുട്ടികളെ തട്ടിക്കൊണ്ടു പോകുന്നു എന്ന പ്രചരണത്തിന് എന്തെങ്കിലും അടിസ്ഥാനമുണ്ടോ എന്നും മലപ്പുറം ജില്ലയിൽ അതുമായി ബന്ധപ്പെട്ട് എത്ര കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും

ii. 1.1.2017 മുതൽ 31.12.2017 വരെ പോക്സോ നിയമപ്രകാരം എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അതിൽ അദ്ധ്യാപകരാൽ പീഡിപ്പിക്കപ്പെട്ട എത്ര കേസുകൾ ഉണ്ടെന്നുമാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, എതിർകക്ഷി കാര്യാലയത്തിൽ അഷ്റഫ് മാസ്റ്റർ എന്ന പേരിൽ 4.1.2018 തീയതി വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചതായി കണ്ടെത്താൻ സാധിച്ചില്ല എന്നും എന്നാൽ മുഹമ്മദ് അഷ്റഫ് മാസ്റ്റർ എന്നയാൾ പോക്സോ കേസുകളുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ 5.1.2018 തീയതി ആവശ്യപ്പെട്ടിരുന്നു എന്നും ആയതിന്മേൽ 16.2.2018 തീയതി വിവരങ്ങൾ നൽകിയിട്ടുള്ളതാണെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, എതിർകക്ഷി ഓഫീസിൽ മുഹമ്മദ് അഷ്റഫ് എന്ന പേരിലാണ് വിവരാവകാശ അപേക്ഷ സമർപ്പിച്ചിരുന്നത് എന്നും ആയതിനുള്ള മറുപടി 16.2.2018 തീയതി നൽകിയിരുന്നു എന്നും കാണുന്നു. എതിർകക്ഷി ഹർജിക്കാരന്റെ അപേക്ഷയിൽ മറുപടി നൽകിയത് നിയമാനുസൃത കാലാവധിയ്ക്കുശേഷമാണെന്നു കാണുന്നു. ആയത് വിരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പുപ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്കു കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള അന്തിമ ശിക്ഷാഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 22-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

us

RIGHT TO INFORMATION